46525/Cd1.2/TSM

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 221

20.06.2012-ൽ മറുപടിയ്ക്ക്

## ആഭ്യന്തര വിനോദസഞ്ചാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) ആഭ്യന്തര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിൽ സംഘടിപ്പിക്കുന്ന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും കേരള പവലിയനിൽ കേരളത്തിൽ നിന്നുള്ള സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ ഹോട്ടലിയേഴ്സ് ടൂറിസം സംരംഭകർ എന്നിവരെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. പ്രധാന പട്ടണങ്ങളിൽ വകുപ്പ് കൂടുതൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ഇന്ത്യയിലെ പ്രധാനപ്പെട്ട പത്രങ്ങൾ, ടൂറിസം മാഗസിനുകൾ എന്നിവയിൽ കേരള ടൂറിസത്തെക്കുറിച്ച് കൂടുതൽ പരസ്യം നൽകുന്നതുമാണ്. ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ പാർട്ട്ണർഷിപ് മീറ്റുകൾ സംഘടിപ്പിക്കുന്നതിനും ടൂറിസം ഓഫ് സീസൺ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി , ടൂറിസ്റ്റുകളുടെ വരവ് താരതമ്യേന കുറഞ്ഞ ജൂൺ- സെപ്റ്റംബർ മാസങ്ങളിൽ ഡ്രീം സീസൺ എന്ന പേരിൽ കുറഞ്ഞ നിരക്കിൽ ടൂർ പാക്കേജുകൾ കേരള ടൂറിസത്തിൻെറ വെബ്സൈറ്റിൽ പ്രൊമോട്ട് ചെയ്യുന്നതിനും ദേശീയ തലത്തിൽ ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യ പ്രചാരണത്തിന് പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ട്രാവൽ-ട്രേഡ് ഫെയറുകളായ TTF & OTM, IITM,IIM,SATTE, IITF തുടങ്ങിയവയിൽ വകുപ്പ് സജീവമായി പങ്കെടുത്ത് പ്രചാരണം നടത്തിവരുന്നു.മെട്രോ നഗരങ്ങൾ ഉൾപ്പെടെയുള്ള നഗരങ്ങളിൽ സംസ്ഥാനത്തു നിന്നുള്ള സ്വകാര്യ സംരംഭകരുടെ സജീവ പങ്കാളിത്തത്തോടെ ബിസിനസ് മീറ്റുകൾ നടത്തുകയും ചെയ്യുന്നതാണ്. |
| ബി) സംസ്ഥാനത്തെ പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ചുള്ള നയ സമീപനം വ്യക്തമാക്കുമോ; | ബി ) അറിയപ്പെടുന്നതും അല്ലാത്തതുമായ ഒട്ടനവധി ആകർഷണങ്ങൾ കേരളത്തിൽ ഉണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ഇവിടെയ്ക്ക് ധാരാളം സന്ദർശകരെ കൊണ്ടുവരാൻ കഴിയും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, ഡി.എം.സികൾ എന്നിവയുടെ സഹായ |

| | | | |
|---|---|---|---|
| | | | ത്തോടെ ഇത്തരം കേന്ദ്രങ്ങൾ കണ്ടെത്തി അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതും ടൂറിസം പ്രധാന്യമുള്ള പ്രദേശങ്ങൾക്കായി പ്രത്യേക പ്രദേശ വികസന പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പങ്ക് ചേരുന്നതുമാണ്. |
| സി) | പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിനും പ്രകൃതിയെക്കുറിച്ച് പഠിക്കുന്നതിനും ഉതകുന്ന വളരെ ചെറിയ ടൂറിസ്റ്റ് സ്പോട്ടുകൾ കണ്ടെത്തുന്നതിന് വേണ്ടി പഠനം നടത്തുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം നൽകാമോ; | സി) | കേരളത്തിലെ പ്രധാന വിനോദ സഞ്ചാര ആകർഷണങ്ങളെല്ലാം പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിനും പ്രകൃതിയെക്കുറിച്ച് പഠിക്കുന്നതിനും ഉതകുന്ന 50 [illegible] കേന്ദ്രങ്ങൾ അടുത്ത 5 വർഷത്തിനുള്ളിൽ കണ്ടെത്തി വികസിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടികൾ ടൂറിസം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| ഡി ) | ജനങ്ങളിൽ വിനോദസഞ്ചാര ആഭിമുഖ്യം വളർത്താൻ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | ഡി ) | ജനങ്ങളിൽ വിനോദ സഞ്ചാര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായും ഉത്തരവാദിത്ത വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി ആകെ നിക്ഷേപത്തിന്റെ 15% വരെയും എന്നാൽ പരമാവധി 20 ലക്ഷം രൂപ വരെ നൽകികൊണ്ടും ഉത്തരവാദിത്ത വിനോദ സഞ്ചാര നിക്ഷേപകർക്ക് പുതിയ സബ്സിഡി പദ്ധതി രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് വ്യാവസായിക നിരക്കിൽ വൈദ്യുതി നൽകുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ